# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2708      17.06.2019 -ലെ മറുപടി

**ഡാമുകളിലെ സിൽട്ട് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഡാമുകളിലെ സിൽട്ട് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞുകൂടിയ ചെളിയും എക്കലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവരൂപത്തിലാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) സർക്കാർ അംഗീകരിക്കുകയും 14/05/2019 തീയതിയിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ് പ്രവർത്തികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. 14/05/2019 ലെ ഭേദഗതി ഉത്തരവ് പ്രകാരം ബാക്കി ഡാമുകളുടെയും ഡിസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കാലവർഷം ശക്തി പ്രാപിക്കുന്നതിനു മുൻപ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ? | (ബി) മംഗലം ചുള്ളിയാർ ഡാമുകളിലെ ഡിസിൽറ്റേഷനായി DPR തയ്യാറാക്കി എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തിരമായി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**